(ഇ) താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

(എഫ്) ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ഉൽപ്പാദനമേഖലയ്ക്ക് നീക്കിവച്ച തുക

100 (2898) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിക ളുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഉൽപ്പാദന മേഖലയിൽ ഓരോ ഇനത്തിലും ഓരോ ജില്ലാ പഞ്ചായത്തും നീക്കിവച്ചിരുന്ന തുക എത്ര വീതമെന്ന് വ്യക്തമാ ക്കുമോ;

(ബി) ഈ ഓരോ ഇനത്തിൽനിന്നും എന്തുതുക വീതം ഓരോ ജില്ലാ പഞ്ചായത്തും വകമാറ്റി ചെലവുചെയ്തു എന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലാ പഞ്ചായത്തും ഉൽപ്പാദനമേഖലയുടെ ഓരോ ഇനത്തിനും 1997-98, 1998-99 വർഷങ്ങളിൽ നീക്കിവച്ച തുകയിൽനിന്നും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയെത്രയെന്ന് പറയുമോ?

ഉത്തരം

(എ) വിശദ വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) വിശദ വിവരം ശേഖരിച്ചു വരുന്നു.

വകമാറ്റി ചെലവുചെയ്ത തുക

101 (2899) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98-ലെ ജനകീയാസൂത്രണ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശം പ്രകാരം ഉൽപ്പാദനമേഖല, സേവനമേഖല, അടിസ്ഥാന സൗകര്യം ഉണ്ടാക്കു ന്നതിനുള്ള പശ്ചാത്തലമേഖല എന്നീ ഓരോ മേഖലയിലും ഗ്രാമപഞ്ചായത്തു കൾ ഒട്ടാകെ മാറ്റിവച്ച തുക എത്ര വീതമായിരുന്നു;

(ബി) ഇപ്രകാരം മാറ്റിവച്ച തുകയിൽനിന്ന് പ്രസ്തുത പഞ്ചായത്തു കൾ ഒട്ടാകെ എന്തു തുക വീതം വകമാറ്റി ചെലവുചെയ്തു;

(സി) ഓരോ മേഖലയിലും പ്രസ്തുത വർഷം ഗ്രാമപഞ്ചായത്തുകൾ യഥാർത്ഥത്തിൽ എന്ത് തുക വീതം ചെലവ് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly